# ദശവാക്യാമൃതം

## ആറാം പർവ്വം

# ദശവാക്യാമൃതം ആറാം പർവ്വം

**താളിളക്കം**

**2020**

പേര്: **ദശവാക്യാമൃതം ആറാം പർവ്വം**

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## THE DECALOGUE – THE FIFTH COMMANDMENT

### ദശവാക്യാമൃതം – ആറാം പൎവ്വം

അഞ്ചാം കല്പന: (നിന്റെ ദൈവമായ യഹോവ നിനക്കു ത രുന്ന ദേശത്തു നിന്റെ നാളുകൾ ദീൎഘമാകുവാനായിട്ടു) നിന്റെ മാ താപിതാക്കന്മാരെ ബഹുമാനിക്ക.

വീട്ടിൽ തലയാളികളായ അഛ്ശൻ അമ്മ കാരണവർ യജമാനൻ യജമാനത്തി എന്നിവരേയും രാജാവെയും രാജാധികാരമുള്ള എല്ലാ ഉദ്യോഗസ്ഥന്മാരെയും സഭ യിൽ പ്രമാണപ്പെട്ട ഗുരുഭൃതന്മാരെയും ബഹുമാനിക്കേണം. ആയതു വിനയ അനു സരണങ്ങളോടേ നട ന്നു മാനമൎയ്യാദ ഒപ്പിച്ചു സ്നേഹശുശ്രൂഷകൾ ചെയ്യുന്നതു അത്രേ. പെറ്റവരോ യജമാനന്മാരോ അധികാരികളോ ദൈവവചനത്തി ന്നും ദൈവേഷ്ടത്തിന്നും നീതിക്കും വിരോധമായി എന്തെങ്കിലും ക ല്പിക്കയും ചോദി ക്കയും ചെയ്യുന്ന പക്ഷം ബന്ധുക്കളേക്കാൾ ബന്ധു വും മുഖ്യസ്ഥന്മാരേക്കാൾ മു ഖ്യസ്ഥനും വലിയവൻ ദൈവമത്രേ എ ന്നുവെച്ചു അതിന്നു ചെറി കൊടുക്കാതെ ദൈവത്തിന്നു മാത്രം ചെ വി കൊടുത്തു നടക്കേണം.

മേല്പറഞ്ഞവർ എല്ലാം ദൈവത്തിന്റെ സ്ഥാനാപതികൾ ആ കകൊണ്ടു യഹോവ അവൎക്കു തന്നിൽ കിഴിഞ്ഞ മാനത്തെ കല്പി ച്ചിരിക്കുന്നു. അതിനെ ഒപ്പിക്കു മ്പോൾ പാത്രങ്ങളുടെ മാറ്റിനെ നോക്കേണ്ടാ. അവൎക്കു കുറവുണ്ടായാലും അവർ ഇഹത്തിൽ ദൈ വനാമത്തിൽ നീതിഞ്ഞായങ്ങളെ നടത്തുന്നു. ആകയാൽ തന്നെ പെറ്റവരെ ശപിച്ചും നാണം കെടുത്തും മനസ്സിനെ നൊമ്പലി ച്ചും അടിച്ചും ചൊടിച്ചും മറ്റും നടക്കുന്നവന്റെ വിളക്കു കൂരിരു ട്ടിൽ കെട്ടു പോകും. ആയതിന്നു ഒരു ദൃഷ്ടാന്തം ചൊല്ലാം. വളരെ മുങ്കോപമുള്ള ഒരു ബാല്യക്കാരൻ വയസ്സനായ തന്റെ അഛ്ശനെ കോപത്തിൽ തല്ലിക്കൊന്നു. ശവത്തെ എടുത്തു മറു ചെയ്തു. കിഴവൻ മ കന്റെ കയ്യാൽ മരിച്ചതു യാതൊരുത്തരും കാണാഞ്ഞിട്ടും ഊഹിക്കാ ഞ്ഞിട്ടും മരിച്ചുപോയ തൊണ്ടന്റെ മകൻ മൂന്നുനാലു പക്ഷിക്കുഞ്ഞങ്ങ ളുള്ള ഒരു കൂ ടിനെ പിച്ചനേപോലെ വടികൊണ്ടു തല്ലുമ്പോൾ തന്റെ തോട്ടത്തിൽ നില്ക്കുന്ന ഒരു ത്തൻ യദൃഛ്ശയാ കണ്ടാറെ അവനോടു; അയ്യോ പാപി ഇതെന്തൊരു പണി? ആ സാധുക്കളായ പക്ഷിക്കുഞ്ഞികളെ നീ എന്തിന്നു തല്ലി ഉപദ്രവിക്കുന്നു? അവ നിന്നോടു എന്തു ചെയ്തു? എന്നു പ റഞ്ഞു തടുത്തതിനു ആയവൻ:  കൂട്ടർ ഘാതക! പിതൃഘാതക! എ ന്നു എന്നെ നോക്കി കൂകുന്നതിന്റെ നീ കേട്ടിട്ടില്ലയോ? ഇങ്ങ നെ എന്തു കൊണ്ടു കൂകുന്നു? എന്നു ചൊല്ലി കണ്ണു ചുവപ്പിച്ചു കയത്തു നോക്കി പി ന്നെയും അവറ്റെ തല്ലേണ്ടതിന്നു മരത്തിന്മേൽ കയറി. ആ മനുഷ്യനോ ഇവൻ തന്നെ അപ്പനായ വയസ്സനെ കൊന്നവനായിരിക്കും. എന്നു സം ശയിച്ചു വേഗം ചെന്നു തോട്ടത്തിൽ കണ്ടതിനെ പൊലീസ്സ് ഠാണാവിൽ അറിയിച്ചു. ഉടന പൊ ലീസ്സുകാർ വന്നു അവനെ പിടിച്ചു ഉന്ത്യണ്ടാ ക്കി. ന്യായാധിപൻ വിസ്തരിച്ചതിൽ

താൻ അഛ്ശനെ അടിച്ചു കൊന്ന കുറ്റത്തെ സമ്മതിച്ചു തൂക്കുമരത്തിൽ മരിപ്പാൻ സംഗതി വന്നു.

തന്റെ അമ്മയഛ്ശന്മാരെയും കാരണവന്മാരെയും മറ്റും അടിക്കുന്ന വൻ സ്വന്ത മക്കളുടെ കൈയിൽ തന്നേ തല്ലുവാൻ വടിയെ കൊടുക്കുന്നു നിശ്ചയം. ദുഷ്ടനായ ഒരു മകൻ തന്റെ അഛ്ശന്റെ തലമുടിയെ (കുടു മയെ) പിടിച്ചു അവനെ അകായിൽ നിന്നു പുറത്തേ വാതില്പടിയോളം വലിച്ചു കോലായിലേക്കും ഇഴെച്ച് വലിക്കുന്ന ഭാവം അഛ്ശൻ കണ്ടപ്പോൾ: അയ്യോ മകനേ, മതി! ഇപ്പോൾ വിടുക! മുമ്പേ ഞാനും നിന്റെ മൂത്ത പ്പനെ മുടി പിടിച്ചു  വാതിലോളമേ വലിച്ചു കൊണ്ടു വന്നിട്ടു ള്ളൂ എ ന്നു കേട്ടു മകൻ ഞെട്ടി പിടി വിട്ടുകളഞ്ഞു.

അമ്മയഛ്ശന്മാരെ തല്ലിയ കൈ ശവക്കുഴിയിലും സ്വസ്ഥമായിരിക്കയി ല്ല. തന്റെ അമ്മയെ ദുഃഖിപ്പിച്ചവൻ അതിൻ ഫലം അനുഭവിക്കാതെ ഇരിക്കയുമില്ല. എന്ന തിന്നു ഒരു ദുഃഖവൎത്തമാനത്തെ കേൾപിൻ.

പോക്കിരിയായ ഒരുവൻ സാധുവും വയസ്സനുമായ തന്റെ അഛ്ശനോ ടു കൂടക്കൂ ടെ കയൎത്തും ചൊടിച്ചുകൊണ്ടും അവനെ ദുഃഖിപ്പിച്ചതല്ലാതെ ചാവു കിടക്കയി ലും മനം നൊന്തു കരവാൻ ഇട വരുത്തി. അവന്റെ മ രണത്തിൽ ആ ബാല്യ ക്കാരൻ സന്തോഷിച്ചതു കൂടാതെ പെറ്റപ്പനെ കു ഴിച്ചിടുമ്പോൾ പൊട്ടിച്ചിരിച്ചതു കണ്ടവർ: ദൈവം ഇവനെ ഇത്ര പൊ റുത്തതും ജീവനോടെ വെച്ചതും അത്ഭുത മല്ലയോ; ഇങ്ങനേത്തവന്നു ദൈ വം വരുത്തുന്ന ശിക്ഷ എന്തായിരിക്കും പോൽ എന്നു തങ്ങളിൽ വിചാരി ച്ചു കാത്തിരുന്നു. അതിൽ പിന്നെ വേണ്ടുന്ന പൊന്നും മണ്ണും ഉള്ള ഒരു പെണ്ണിനെ റിവാഹം ചെയ്തു. ധനമദത്താൽ ഗൎവ്വിച്ചുവെങ്കിലും വേളി കഴിഞ്ഞിട്ടു ഒരു കൊല്ലം കഴിയുന്നതിന്നിടയിൽ കെട്ടിയവൾ മരിച്ചു കുഴി ച്ചിട്ടുമ്പോൾ അവൻ വളരെ തൊഴിച്ചു കരഞ്ഞു. അവൾ സന്തതി കൂടാ തെ മരി ക്കകൊണ്ടു ആ നാട്ടുമുറപ്രകാരം സ്ത്രീധനത്തെ അവളുടെ ബ ന്ധുക്കൾക്കു തിരികേ ഏല്പിക്കേണ്ടി വന്നു. തന്റെ വലിപ്പത്തിന്നും ഉയ ൎച്ചെക്കും പെട്ടന്നു തട്ടിയ താഴ്ച കൊണ്ടു വീണ്ടും ദരിദ്രനായി മുമ്പേ ശീലി ച്ച സുഖഭോഗങ്ങൾ ഇല്ലാതെ വലഞ്ഞി ട്ടും പണിയെടുപ്പാൻ മനസ്സു വെക്കായ്കയാൽ കപ്പാനും കവരുവാനും തുടങ്ങിയാറെ ഒടുവിൽ കളവു കു റ്റത്തിൽ ഉൾപ്പെട്ടു നാടു കടത്തപ്പെടുവാൻ ഇടവരികയും ചെയ്തു.

എങ്കിലോ മക്കൾ പെറ്റവൎക്കു പ്രത്യുപകാരം ചെയ്തു അവരുടെ അ നുഗ്രഹം കൈ ക്കലാക്കേണം. പെറ്റവരുടെ ആശീൎവ്വാദം വലിയ മുതലി നേക്കാൾ മക്കൾക്കു മഹാലാഭം തന്നെ എന്നതു നല്ലൊരു കഥയാൽ വി ളങ്ങും. വിവാഹപരുവമുള്ള ഒരു കന്യക തന്റെ നാൾ കഴിച്ചലിന്നും ദ രിദ്രതയും രോഗവും വയസ്സുമുള്ള വിധ വയായ അമ്മയുടെ കഴിച്ചലിന്നും വേണ്ടുന്നവറ്റെ സമ്പാദിക്കേണ്ടുന്നതിനു തുന്നൽ മുതലായ പണികളെ ചെയ്തുവന്നു. തനിക്കു എത്ര പ്രയാസം വന്നിട്ടും അമ്മയെ കു

റിച്ചു മുഷി യാതെ വളരെ സ്നേഹത്തോടേ നോക്കി വേണ്ടുന്ന ശുശ്രൂഷ ചെയ്തുപോന്നു. ഇങ്ങനേ ഇരിക്കുമ്പോൾ ധനവാനും ഘനശാലിയുമായ ഒരു ബാല്യ ക്കാരൻ അവളെ സ്നേഹിച്ചു വിവാഹത്തിന്നായി ചോദിച്ചപ്പോൾ താൻ വേളി കഴിച്ചാൽ അമ്മയെ പോറ്റി ശുശ്രൂഷിക്കുന്നതിന്നു ഇനിമേൽ അ ത്ര ഇട ഉണ്ടാകയില്ലെന്നു ശങ്കിച്ചു തന്നെയും അവനെയും നോക്കി എ ത്രയും മനസ്സും സന്തോഷവും ഉണ്ടായിരുന്നിട്ടും അമ്മയേ വിചാരിച്ചിട്ടു സമ്മതപ്പെടാതെ ഇരുന്നു. അതിനെ കേട്ട ജനങ്ങളിൽ പലർ കാറ്റടി ക്കുമ്പോൾ തുറ്റാത്ത വമ്പൊണ്ണത്തി എന്നു വിചാരിച്ചു അവളെ ദുഷ്ശീ കരിച്ചു എങ്കിലും ചിലർ അവൾ ഒരു ശുദ്ധകന്യകാരത്നം തന്നെ എന്നു വെച്ചു അവളെ മാനിച്ചുപോന്നു. മേല്പറഞ്ഞ ബാല്യക്കാരൻ മറ്റൊരു ത്തിയെ വിവാഹം ചെയ്തു. അവൻ വിവാഹം ചെയ്തു വ്വ മാസങ്ങളുടെ ശേഷം ഇവളുടെ അമ്മ കഴിഞ്ഞു പോയി. ആ ഇടെക്കു തന്നെ ആ ബാ ല്യക്കാരനും  ലോകത്തെ വിട്ടു. അവൾ മാതൃസേവയെ വിട്ടു അവനെ കെട്ടിയിരുന്നുവെങ്കിൽ അമ്മയും കെട്ടിയവനും മരിച്ചുപോയ ദുഃഖം അവ ളെ ബഹു കഷ്ടത്തിൽ ആക്കുമായിരുന്നു. അമ്മ മരിച്ചതിൽ പിന്നെ ന ല്ല ഒരു ഭക്തനും കഴിച്ചലിന്നു വകയുള്ളവനുമായ ഒരു ബാല്യകാരൻ അ വളുടെ സുശീലത്തെ അറിഞ്ഞു അവളെ വിവാഹം ചെയ്തു. പിന്നെ അ വൾ വീട്ടുകാൎയ്യത്തിൽ ദൈവാനുഗ്രഹം ലഭിച്ചവളായി മക്കളെയും പേരമ ക്കളെയും കണ്ടു ദീൎഘായുസ്സോളം ജീവിച്ചു ഒടുക്കം ദൈവം തന്റെ ഭക്ത ന്മാൎക്കു കൊടുക്കുന്ന രാജ്യത്തിൽ പ്രവേശിക്കയും ചെയ്തു.

ഏതു ദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങുക, കാരണം ദൈ വത്തിൽനിന്നല്ലാതെ അധികാരം ഒന്നുമില്ല. അധികാരത്തോടു മറുക്കുന്ന വൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. അന്യായം കുലപാതകം മുതലാ യ ദുഷ്കൎമ്മങ്ങളെ തടുത്തു കള്ളന്മാർ മുതലായവരെ ശിക്ഷിച്ചു നീതിന്യാ യങ്ങളെ നടത്തി നല്ല പ്രജകളെ രക്ഷിച്ചു പരിപാലിക്കേണ്ടതിന്നു കോയ്മ ദൈവത്താൽ നിയമിക്കപ്പെട്ടതായിരിക്കുന്നു. മരത്തണലിൽ ഇരിക്കുന്ന വൻ മരത്തെ നൊമ്പിക്കരുതു. നായ്ക്കല്ലുകളെയും കളകളെയും പറി ച്ചുകളയാതെ ഞാറിനെ ഞെരുക്കുന്നവൻ ദുഷ്ടന്മാൎക്കു മിത്രനും ശിഷ്ടന്മാ ൎക്കു ശത്രുവും അത്രേ. ആകയാൽ കോയ്മ നല്ലവരെ രക്ഷിച്ചു ദുഷ്ടന്മാരെ ശിക്ഷിക്കുന്നതുകൊണ്ടു നാം അവൎക്കു എവ്വിധത്തിൽ പിന്തുണയായി ഇ രിക്കേണം; ആ സംഗതിയാൽ; ദൈവത്തെ ഭയപ്പെടുവിൻ രാജാവെ മാ നിപ്പിൻ എന്നും രാജാവിനുള്ളതിനെ രാജാവിന്നും ദൈവത്തിന്നുള്ളതി നെ ദൈവത്തിനും ഒപ്പിപ്പിൻ എന്നും ദൈവം കല്പിക്കുന്നു. അതുകൂടാതെ നിങ്ങൾ ഭക്തിയിലും ക്ഷാന്തിയിലും മൎയ്യാദയിലും ജീവനം കഴിച്ചു എ ല്ലാമനുഷ്യൎക്കു വേണ്ടിയും രാജാക്കന്മാൎക്കു വേണ്ടിയും അധികാരികൾക്കു വേണ്ടിയും ദൈവത്തോടു പ്രാൎത്ഥിക്കയും യാചിക്കയും ചെയ്വിൻ.

കോയ്മ രാജ്യമെന്ന ഗ്രഹത്തിൽ തലയെന്നു പറയാം. അതു കെട്ടുപോ യാൽ വീടു മുഴുവനും നശിക്കും. ദൈവത്തെ കുറിച്ചുള്ള ഭയഭക്തി തലയു ടെ മുഖവും, മമതയും സ്നേഹവും അതിന്നു നെറ്റിയും, രാജപ്രജാധൎമ്മ ങ്ങൾ തലയുടെ മണ്ടയും എന്നു പറയാം. ഇങ്ങനെ എല്ലാവരും ഒത്തൊ രുമിച്ചു കോയ്മെക്കു അനുകൂലമായിരിക്കേണം.

ഒടുവിൽ വേലക്കാരെ സകല ഭയത്തോടും യജമാനന്മാൎക്കു കീഴടങ്ങി യിരിപ്പിൻ. ദൃഷ്ടിസേവകൊണ്ട് മനുഷ്യരെ പ്രസാദിപ്പിക്കുന്നവരായല്ല ദൈവത്തിൻ ജനങ്ങളായിട്ടു അവന്റെ ചിത്തത്തെ മനഃപൂൎവ്വമായിട്ട് നിവൃത്തിക്കുന്നവരായി സേവിപ്പിൻ.

മാനുഷസേവകന്നു മനുഷ്യർ ശമ്പളം കൊടുക്കുന്നു. ദൈവസേവക ന്നു ദൈവമത്രേ പ്രതിഫലം നല്കുന്നു. വിശ്വസ്തത എല്ലാറ്റിൽ മഹാലാ ഭം തന്നെ. പെറ്റോരും മക്കളും ഗുരുശിഷ്യന്മാരും യജമാനരും വേലക്കാ രും കോയ്മയും കുടികളും ഇവരെല്ലാവരും ദൈവത്തിന്നു കണക്കു ബോധി പ്പിക്കേണ്ടുന്നവർ ആകകൊണ്ടു നാം ഓരോരുത്തർ നമ്മുടെ നിലെക്കു തക്ക മുറയെ ഒപ്പിക്കേണ്ടതിന്നു ദൈവം തന്നെ നമ്മെ കോപ്പുള്ളവരാക്കി തീൎക്കേണമേ.

പ്രസാധകർ

താളിളക്കം